"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1900/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 04/10/2021

---

പരാമർശം:-

1. 20.04.1990തീയതിയിലെ സ.ഉ (പി) നം.284/90(23)/ധന. നമ്പർ ഉത്തരവ്
2. 17.05.2002 തീയതിയിലെ 31/പി.ആർ.സി-ബി2/2002/ധന നമ്പർ സർക്കുലർ
3. 25.11.2010 തീയതിയിലെ സ.ഉ (പി) നം.629/2010/ധന. ഉത്തരവ് (എസ്.ആർ.ഒ നം.1084/2010)
4. 20.01.2016 തീയതിയിലെ സ.ഉ (പി) നം.7/2016/ധന. ഉത്തരവ്
5. 28.12.2018 തീയതിയിലെ സ.ഉ (സാധാ) നം.3250/2018/തസ്വഭവ
6. മുഖ്യ നഗരാസൂത്രകന്റെ 11.12.2020 തീയതിയിലെ TCPCTP/2169/2020-A3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിൽ ടൗൺ പ്ലാനർ തസ്തികയിൽ 25% പേർക്ക് പരാമർശം 4 ലെ ഉത്തരവ് പ്രകാരം റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട് എന്നും നിലവിൽ വകുപ്പിൽ 26 ടൗൺ പ്ലാനർ തസ്തികയാണുള്ളതെന്നും ആയതിന്റെ 25 ശതമാനമായ ആറ് ടൗൺ പ്ലാനർമാർക്ക് റേഷ്യോ ഹയർ ഗ്രേഡിന് അർഹത ഉണ്ടെന്നും പരാമർശം (5) പ്രകാരം അവസാനമായി ഹയർഗ്രേഡ് അനുവദിച്ച 3 പേർ ഇപ്പോൾ അന്യത്ര സേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരികയാണ് എന്നും ആയതിനാൽ ടി ജീവനക്കാർക്ക് ശേഷം തുടർച്ചയായി വരുന്ന 6 ടൗൺ പ്ലാനർമാർക്ക് കൂടി 77400-115200 ശമ്പള സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിക്കണമെന്നും പരാമർശം (6) പ്രകാരം മുഖ്യ നഗരാസൂത്രകൻ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യ നഗരാസൂത്രകൻ ശുപാർശ ചെയ്ത പ്രകാരം തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിലെ ടൗൺ പ്ലാനർമാരായ ശ്രീ.അജയ് കുമാർ. എസ്, ശ്രീമതി.ജയശ്രീ പി.ആർ, ശ്രീ.ബൈജു കെ, ശ്രീ.മസൂം എം.എ, ശ്രീമതി.സബിതമിനി സി.കെ എന്നിവർക്ക് യഥാക്രമം 07.06.2018, 19.08.2018, 25.05.2020, 01.06.2020, 01.10.2020 എന്നീ തീയതി പ്രാബല്യത്തിലും ശ്രീ.അനിൽകുമാർ പി-യ്ക്ക് ഉത്തരവ് തീയതി പ്രാബല്യത്തിലും, ടി റേഷ്യോ ഹയർ ഗ്രേഡ് അനുവദിയ്ക്കുമ്പോൾ ടൗൺ പ്ലാനർ ഹയർ ഗ്രേഡ് തസ്തികയുടെ കേഡർ സ്ട്രെങ്ത് ഒരു ഘട്ടത്തിലും സാങ്ഷൻഡ് കേഡർ സ്ട്രെങ്തിന്റെ 25

ശതമാനം തസ്തികയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയ്ക്കും കെ.എസ്.ആർ ഭാഗം (1) റൂൾ 23 (ഡി) യിൽ സൂചന (3) പ്രകാരം കൂട്ടിചേർത്ത വ്യവസ്ഥയനുസരിച്ച് ഹയർഗ്രേഡ് ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷം മുമ്പ് വരെ മാത്രമേ സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന നിബന്ധനയ്ക്കും സൂചന (1), (2) ഉത്തരവുകളിലെ നിബന്ധനകൾക്കും വിധേയമായി ടൗൺ പ്ലാനർ തസ്തികയിൽ 77400-115200 ശമ്പള സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

<u>പകർപ്പ്</u>

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മുഖ്യ നഗരാസൂത്രകൻ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ.യു4/158/2020-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ